SHRI P. S. NATARAJA PILLAI : If that be the case, if a shop is found located in violation of that rule, cannot the Department or the Government order the removal of that shop to another site ?

ശ്രീ. എ. എ. റഹിം : അങ്ങനെയുള്ളവ മാറ്റിയിട്ടുണ്ട്.

SHRI P. S. NATARAJA PILLAI : Has it come to the notice of the Government that recently a shop has been established before a College at Alleppey ?

ശ്രീ. എ. എ. റഹിം : ആലപ്പുഴ കോളേജിനു സമീപം ഷാപ്പ് നടത്തുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റിനു കിട്ടിയിട്ടുള്ള പരാതി അനുസരിച്ച് അതു് അവിടെനിന്നും മാറ്റി സ്ഥാപിക്കുവാൻ ഓർഡർ ഇട്ടിട്ടുണ്ട്.

ശ്രീ. കെ. പി. ഹാർമീസ് : അടുത്ത ഷാപ്പ് ലേലത്തിനു മുൻപായി ജനപ്രതിനിധികളുമായി ആലോചിച്ച് ഷാപ്പുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളെപ്പറ്റി തീരുമാനിക്കുമോ ?

ശ്രീ. എ. എ. റഹിം : അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ കുടിൽവ്യവസായങ്ങൾ തുടങ്ങുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : കുടിൽ വ്യവസായങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. രണ്ടാംപഞ്ചവത്സര പദ്ധതിയിലും കുടിൽവ്യവസായങ്ങളുടെ കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ : തെങ്ങിൽനിന്നും ചക്കരക്കള്ള് ചെത്തിയെടുക്കാൻ ആലോചിക്കുമോ ?

ശ്രീ എ .എ. റഹിം : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : മദ്യനിരോധനം ഏർപ്പെടുത്തിയതു നിമിത്തം തൊഴിലില്ലാതെയായ ചെത്തുതൊഴിലാളികളുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ആ നിവേദനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നതു് ?

ശ്രീ. എ. എ. റഹിം : അവർക്ക് തൊഴിൽ കൊടുക്കണമെന്നാണ്.

## UNICEF-ൽ നിന്നുള്ള സൗജന്യഭക്ഷണവിതരണം.

* 695. [5] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) UNICEF-ൽ നിന്നും ഈ സംസ്ഥാനത്തു് സൗജന്യഭക്ഷണവിതരണത്തിനു ലഭിച്ചുകൊണ്ടിരുന്ന അരിയും പാൽപ്പൊടിയും തുടർന്നു ലഭിക്കുവാൻ സാദ്ധ്യതയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഇപ്പോൾ UNICEF അരിയും പാൽപ്പൊടിയും ഉപയോഗിച്ച് സൗജന്യഭക്ഷ്യവിതരണം നടത്തുന്ന കേന്ദ്രങ്ങളിൽ മുടങ്ങാതെ അതു നൽകുന്നതിന് വേണ്ട നടപടികൾ ഗവണ്മെന്റ് എടുക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) : (എ) പാൽപ്പൊടി തുടർന്നു കിട്ടുവാൻ സാദ്ധ്യതയുണ്ട്. അരി തുടർന്നു കിട്ടുവാൻ സാദ്ധ്യതയില്ല എന്നാണ് നാളിതുവരെയുള്ള അറിവ്.

(ബി) സൗജന്യമായി ലഭിക്കുന്ന സാധനങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുള്ളതാണ്. മേലാലും അവ സൗജന്യമായി വിതരണം തുടരാമെന്നല്ലാതെ മറ്റു നടപടികൾ എടുക്കുവാൻ നിവൃത്തിയില്ല. പാൽ വിതരണകേന്ദ്രങ്ങൾ തുടർന്നു നടത്തുന്നതാണ്.

ശ്രീ. എൻ. ജി. ചാക്കോ : ഇപ്പോൾ പുതുതായി പാൽ വിതരണ കേന്ദ്രങ്ങൾ അനുവദിക്കാതിരിക്കുവാനുള്ള കാരണം എന്താണെന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : ഇപ്പോഴും അനുവദിക്കുന്നുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : അങ്ങനെ അനുവദിക്കുന്നില്ലെന്നു ഞാൻ പറഞ്ഞാൽ അതു വിശ്വസിക്കുമോ ?

ശ്രീ. എ. എ. റഹിം : അതു് അനുവദിച്ചുകൊണ്ടിരിക്കുന്ന ആൾ എന്ന നിലയിൽ എങ്ങനെയാണ് ഞാൻ വിശ്വസിക്കുന്നതു് ?

ശ്രീ. എൻ. ജി. ചാക്കോ : ഈ സംസ്ഥാനത്തു ധാരാളം പാൽപ്പൊടി ഉണ്ടെങ്കിലും, പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെന്റിൽ ഇതിലേയ്ക്കു് ആവശ്യമുള്ള സ്റ്റാഫ് ഇല്ലാത്തതുകൊണ്ടു് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നില്ലെന്നു പറഞ്ഞാൽ വിശ്വസിക്കാൻ തയ്യാറാകുമോ ?

ശ്രീ. എ. എ. റഹിം : പാൽപ്പൊടി വിതരണക്കായ്ത്തിനായി സ്റ്റാഫിന്റെ കുറവുണ്ടെന്നുള്ള കാര്യം ഡിപ്പാർട്ടുമെന്റിൽ നിന്നും ഗവണ്മെന്റിനെ അറിയിച്ചാൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതാണ്.

ശ്രീ. എം. വി. ചെറിയാൻ : സംസ്ഥാനത്തിനു തുടർന്നു അരി കിട്ടാൻ സാധ്യമില്ല എന്നു പറഞ്ഞതിന്റെ കാരണം എന്താണ് ?

ശ്രീ. എ. എ. റഹിം : കഴിഞ്ഞ പ്രാവശ്യവും ഇതേ സംബന്ധിച്ചു് ഇവിടെ പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തെപ്പറ്റി ഇൻഡ്യാഗവണ്മെന്റിനു എഴുതി അയച്ചിരിക്കുകയാണ്. തീരുമാനം ഉണ്ടായിട്ടില്ല.

ശ്രീ. ആർ. സുഗതൻ : ഒരു ഗ്ലാസ്സു് വെള്ളത്തിൽ എത്ര പാൽപ്പൊടി ചേർക്കണമെന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : അതിന്റെ അളവു് എനിക്കു അറിഞ്ഞുകൂടാ. വേണമെങ്കിൽ അന്വേഷിക്കാം.

ശ്രീ. സി. കൊച്ചുകുഞ്ഞു് : അരിയും പാൽപ്പൊടിയും സൗജന്യമായി സംസ്ഥാനത്തു് എത്ര സ്ഥലങ്ങളിൽ വിതരണം ചെയ്യുന്നുണ്ടെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : അതിനു പ്രത്യേകം ചോദ്യം അയയ്ക്കണം.

ശ്രീ. പി. വി. അവിരാ തരകൻ : വിതരണം നടത്തുന്ന ഏജൻസികൾ ആരെല്ലാമാണ് ?

ശ്രീ. എ. എ. റഹിം : സംഘസ്ഥാപനങ്ങൾ, പള്ളിക്കൂടങ്ങൾ മുതലായവ വഴിയാണ് വിതരണം നടത്തുന്നത്.

ശ്രീ. പി. വി. അവിരാ തരകൻ : ആർക്കാണ് വിതരണം ചെയ്യുന്നത് ?

ശ്രീ. എ. എ. റഹിം : കുട്ടികൾക്ക്.

ശ്രീ. എൻ. പരമേശ്വരൻപിള്ള : യൂണിസെഫിൽനിന്നും അരി വിതരണം ചെയ്യുന്നതിലേയ്ക്ക് ഡിപ്പോകൾ തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അരി വിതരണം ഇപ്പോൾ പറഞ്ഞു. ആ സ്ഥിതിക്ക് ഡിപ്പോയുടെ ആവശ്യം ഇല്ലല്ലോ.

ശ്രീ. എൻ. പരമേശ്വരൻപിള്ള : പ്രൈവറ്റ് സ്കൂളിലെ കുട്ടികൾക്ക് പാൽപ്പൊടി വിതരണം ചെയ്യുന്നതിനെപ്പറ്റി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഇല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ വിതരണം നടത്തിക്കുടെ ?

ശ്രീ. എ. എ. റഹിം : ഇപ്പോഴത്തെ വിതരണക്രമത്തിൽ വല്ല തകരാറുമുണ്ടെന്നു കണ്ടാൽ അക്കാര്യം ആലോചിക്കാം.

## കാർഷികകാളേജുകൾ.

* 696. † [6] ശ്രീ. പി. വിശ്വംഭരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവുചെയ്ത് ആരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വെള്ളായണി കാർഷികകാളേജിന്റെ ആവശ്യത്തിനു എത്ര ഏക്കർ സ്ഥലം വേണമെന്നു ഗവണ്മെന്റ് നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ടു ; ഉണ്ടെങ്കിൽ എത്ര ഏക്കർ;

(ബി) വെള്ളായണി കായൽ നിലങ്ങൾ ഈ വർഷംമുതൽ എങ്ങനെ കൃഷിചെയ്യുവാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) കാർഷികകാളേജിന്റെ ആവശ്യത്തിലേയ്ക്ക് ഇരുനൂറ് ഏക്കർ കരിനിലവും, മുന്നൂറ് ഏക്കർ നിലവും വേണമെന്നു കാളേജ് അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്. 300 ഏക്കർ 16 സെന്റ് സ്ഥലം വെള്ളായണി കാർഷികകാളേജിനു ഉണ്ട്. എത്ര ഏക്കർ സ്ഥലം വേണമെന്നു അവസാന തീരുമാനം എടുത്തിട്ടില്ല.

† As the member was absent, the question was put by Shri V. P. Parameswaran Nambudiri with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly